## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 861** **06-12-2022 - ൽ മറുപടിയ്ക്ക്**

## ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; | (എ) | 31.03.2022 തീയതിയിലെ സ.ഉ.(സാധാ)നം.288/2017/സാം.കാ.വ. പ്രകാരം കലാഭവൻ മണി സ്മാരക നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. സ്മാരകം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് അനുവദിച്ചു നൽകിയ സ്ഥലം അപര്യാപ്തമായതിനാൽ ടി സ്ഥലത്തോട് ചേർന്ന് കിടക്കുന്ന ചാലക്കുടി നഗരസരഭയുടെ സ്ഥലം അനുവദിക്കുന്നതിന് സമ്മതമാണെന്ന് നഗരസഭ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ അളവും, മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാൻ തൃശ്ശൂർ ജില്ലാ കളക്ടറോട് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. സ്മാരക നിർമ്മാണം സംബന്ധമായി 28.06.2022-ൽ മുൻ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. ബഹു. ചാലക്കുടി എം.എൽ.എ ഉൾപ്പെടെ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ നിലവിൽ ലഭ്യമായ സ്ഥലത്ത് റോഡിന് വേണ്ടി സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാൽ ബാക്കി എത്ര സ്ക്വയർ ഫീറ്റ് കെട്ടിടം പണിയാൻ കഴിയും എന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 15 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമുള്ള പ്രൊപ്പോസൽ വ്യക്തമായ ശിപാർശയോടെ സമർപ്പിക്കാൻ ഫോക് ലോർ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകാനും, പ്രസ്തുത സ്ഥലം ലഭ്യമാകുമ്പോൾ എത്ര സ്ക്വയർ ഫീറ്റ് കെട്ടിടം നിർമ്മിക്കാൻ കഴിയും എന്നത് സംബന്ധിച്ച് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആരായുവാനും തീരുമാനിച്ചു. ഇതിൻ പ്രകാരം ബന്ധപ്പെട്ടവർക്ക് |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ? | (ബി) | 31.03.2022 തീയതിയിലെ സ.ഉ.(സാധാ)നം.288/2017/സാം.കാ.വ. പ്രകാരം കലാഭവൻ മണി സ്മാരക നിർമ്മാണത്തിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. സ്മാരകം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പ് അനുവദിച്ച നൽകിയ സ്ഥലം അപര്യാപ്തമായതിനാൽ ടി സ്ഥലത്തോട് ചേർന്ന് കിടക്കുന്ന ചാലക്കുടി നഗരസരഭയുടെ സ്ഥലം അനുവദിക്കുന്നതിന് സമ്മതമാണെന്ന് നഗരസഭ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയുടെ അളവും, മറ്റ് വിശദാംശങ്ങളും ലഭ്യമാക്കാൻ തൃശ്ശൂർ ജില്ലാ കളക്ടറോട് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. സ്മാരക നിർമ്മാണം സംബന്ധമായി 28.06.2022-ൽ മുൻ സാംസ്കാരിക വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. ബഹു. ചാലക്കുടി എം.എൽ.എ ഉൾപ്പെടെ പങ്കെടുത്ത പ്രസ്തുത യോഗത്തിൽ നിലവിൽ ലഭ്യമായ സ്ഥലത്ത് റോഡിന് വേണ്ടി സ്ഥലം ഏറ്റെടുത്ത് കഴിഞ്ഞാൽ ബാക്കി എത്ര സ്ക്വയർ ഫീറ്റ് കെട്ടിടം പണിയാൻ കഴിയും എന്നത് സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും 15 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനാവശ്യമുള്ള പ്രൊപ്പോസൽ വ്യക്തമായ ശിപാർശയോടെ സമർപ്പിക്കാൻ ഫോക് ലോർ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകാനും, പ്രസ്തുത സ്ഥലം ലഭ്യമാകുമ്പോൾ എത്ര സ്ക്വയർ ഫീറ്റ് കെട്ടിടം നിർമ്മിക്കാൻ കഴിയും എന്നത് സംബന്ധിച്ച് പൊതുമരാമത്ത് ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് ആരായുവാനും തീരുമാനിച്ചു. ഇതിൻ പ്രകാരം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ